# സെക്സിൽ പൂർണ്ണത സാധ്യം!





ഡോ. എ ചക്രവർത്തി
കൺസൾട്ടന്റ് ഇൻ റീ പ്രൊഡക്ടീവ് ആന്റ് സെക്ഷ്വൽ മെഡിസിൻ,
തിരുവനന്തപുരം, 0471-6555444

"ലൈംഗികത മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയെപ്പോലെ ഒന്നാണ്. വിവാഹ മോചനങ്ങളുടെയും ദാമ്പത്യ പ്രശ്നങ്ങളുടെയും മൂലകാരണം ദമ്പതികൾ തമ്മിലുള്ള ലൈംഗിക ചേർച്ചയില്ലായ്മയാണ്."

**വി**വാഹ ജീവിതത്തിൽ ലൈംഗികതയ്ക്കുള്ള സ്ഥാനം വളരെ വലുതാണ്. ഇണകൾ തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്താൻ ലൈംഗിക ബന്ധം വളരെയേറെ സഹായിക്കുന്നു. Non Consummation പൂർണ്ണമായും ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ ദമ്പതിമാർക്ക് പറ്റാത്ത അവസ്ഥയാണ്. അതായത് ലിംഗം പൂർണ്ണമായും യോനീ നാളത്തിൽ പ്രവേശിപ്പിക്കാൻ പറ്റാതിരിക്കുക മൂലം സ്ത്രീയുടെ കന്യകാത്വം നഷ്ടപ്പെടാതിരിക്കുക.

സാധാരണയായി Non Consummation പുരുഷന്റെ പ്രശ്നവും വന്ധ്യത സ്ത്രീയുടെ പ്രശ്നവും ആയാണ് കണ്ടുവരുന്നത്. എന്നാൽ ഈ രണ്ട് പ്രശ്നങ്ങളിലും പുരുഷനും സ്ത്രീയ്ക്കും ഏകദേശം തുല്യപങ്കുണ്ട്.

## കാരണങ്ങൾ

### മാനസ്സിക കാരണങ്ങൾ

ലൈംഗിക ബന്ധത്തിലേർപ്പെടാനുള്ള പേടി.

കൂട്ടുകാരിൽ നിന്നും അശ്ലീല പുസ്തകങ്ങളിൽ നിന്നും ലഭിക്കുന്ന തെറ്റായ വിവരങ്ങൾ.

തെറ്റായ രീതിയിൽ ബന്ധപ്പെടാൻ ശ്രമിക്കുക.

ഗർഭം ഉണ്ടാകുമോ എന്ന പേടി.

മാനസ്സിക അടുപ്പമില്ലായ്മ

കുട്ടിക്കാലത്തെ ലൈംഗിക പീഡനങ്ങൾ

ലൈംഗിക വികാരമില്ലായ്മ

### ശാരീരിക കാരണങ്ങൾ.

കട്ടികൂടിയ കന്യാചർമ്മം

ഇറുകിയ യോനീനാളം

ലിംഗാഗ്ര ചർമ്മം പിന്നിലേയ്ക്ക് നീക്കുമ്പോൾ വേദനയുണ്ടാകുന്ന അവസ്ഥ.

ഉദ്ധാരണം ഉണ്ടാകാത്തതോ ഉണ്ടായാൽ യോനീ മുഖത്തിൽ പ്രവേശിപ്പിക്കാൻ



സ്ത്രീയും പുരുഷനും ഒരേ പോലെ രോഗകാരണമായതിനാൽ ദമ്പതിമാരെ രണ്ടുപേരുടെയും സമഗ്രമായ പരിശോധനയിലും കൗൺസിലിങ്ങിലും മാത്രമേ ഡോക്ടർക്ക് ചികിത്സാവിധി നിർണ്ണയിക്കാൻ പറ്റുകയുള്ളൂ.

ശ്രമിക്കുമ്പോൾ ഉദ്ധാരണം നഷ്ടപ്പെട്ട് പോകുന്ന അവസ്ഥ.

ശീഘ്രസ്ഖലനം - ബാഹ്യകേളികളിൽ ഏർപ്പെടുമ്പോൾ തന്നെ സ്ഖലനം സംഭവിക്കുന്ന അവസ്ഥ.

ഹോർമോൺ വ്യതിയാനങ്ങൾ മൂലവും ലൈംഗിക വികാരമില്ലായ്മയും പുരുഷന്മാരിൽ ഉദ്ധാരണപ്രശ്നങ്ങളും സ്ത്രീകളിൽ യോനീ നനവിൽ കുറവും ഉണ്ടാകുന്നു,.

## പരിണിത ഫലങ്ങൾ

വിവാഹ തകർച്ചയും വിവാഹ മോചനവും

പങ്കാളികൾ തമ്മിൽ സ്വരച്ചേർച്ചയില്ലായ്മ

ആത്മാഭിമാനം നഷ്ടപ്പെടുക

വന്ധ്യത - യോനിക്കുള്ളിൽ ശുക്ലം നിക്ഷേപിക്കാൻ പറ്റാത്തത് മൂലം

മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുക.

ഡോക്ടറുടെ നിർദ്ദേശമില്ലാതെ ലൈംഗിക ഉത്തേജനമരുന്നുകൾ കഴിക്കുകയും അത് മൂലം കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുക.

## ചികിത്സാ രീതികൾ

സ്ത്രീയും പുരുഷനും ഒരേ പോലെ രോഗകാരണമായതിനാൽ ദമ്പതിമാരെ രണ്ടുപേരുടെയും സമഗ്രമായ പരിശോധനയിലും കൗൺസിലിങ്ങിലും മാത്രമേ ഡോക്ടർക്ക് ചികിത്സാവിധി നിർണ്ണയിക്കാൻ പറ്റുകയുള്ളൂ. പ്രത്യേകിച്ച് യോനീസങ്കോചം മൂലവും യോനി നനവിന്റെ അപര്യാപ്തത മൂലവും പുരുഷനിലുണ്ടാകുന്ന ഉദ്ധാരണം നഷ്ടപ്പെടുന്ന അവസ്ഥയെ സ്ത്രീയെയും ചികിത്സിച്ചാലേ ശരിയാക്കാൻ സാധിക്കുകയുള്ളൂ.

ശീഘ്ര സ്ഖലനത്തിനും ഉദ്ധാരണ പ്രശ്നങ്ങളെയും മരുന്ന് ഉപയോഗിച്ചും സെക്സ് തെറാപ്പി എന്ന ചികിത്സാ രീതി മൂലവും ശരിയാക്കാൻ സാധിക്കും.

കട്ടികൂടിയ കന്യാചർമ്മവും ലിംഗാഗ്രചർമ്മം പിന്നിലേയ്ക്ക് നീക്കുമ്പോൾ വേദയുണ്ടാകുന്ന അവസ്ഥയെയും ശസ്ത്രക്രിയ മൂലം ശരിയാക്കാൻ സാധിക്കും.

ലൈംഗിക ബന്ധത്തിനോടുള്ള ഭയവും യോനീ സങ്കോചവും സെക്സ് തെറാപ്പി മൂലം ശരിയാക്കാൻ സാധിക്കും.